# പതിനാലാം കേരള നിയമസഭ
## എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1132 10.08.2017-ൽ മറുപടിക്ക്

## എച്ച്.എസ്.എസ്.ടി. കോമേഴ്സ് ഒഴിവുകൾ

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) എച്ച്.എസ്.എസ്.ടി. കോമേഴ്സിന്റെ എത്ര സീനിയർ/ജൂനിയർ ഒഴിവുകൾ വീതം നിലവിലുണ്ട്; ഇതിൽ എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റിവെച്ച ഒഴിവുകൾ ഒഴികെ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയെന്ന് വിശദീകരിക്കുമോ; | (എ) തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് സീനിയർ അധ്യാപകരുടെ 49 ഒഴിവുകളും ജൂനിയർ അധ്യാപകരുടെ 92 ഒഴിവുകളും നിലവിലുണ്ട്. യോഗ്യരായ ജൂനിയർ അധ്യാപകർ നിലവിലുള്ളതിനാൽ സീനിയർ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ വ്യവസ്ഥയില്ല. എന്നാൽ ജൂനിയർ തസ്തികയിൽ 40 ഒഴിവുകൾ പി.എസ്.സിക്ക് ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 48 ഒഴിവുകൾ ഡിപ്പാർട്ട്മെന്റൽ അധ്യാപകരുടെ തസ്തികമാറ്റത്തിനായി മാറ്റി വച്ചിട്ടുണ്ട്. രണ്ടു ഒഴിവുകൾ, റിലീവിംഗ് റിപ്പോർട്ടു ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. രണ്ട് ഒഴിവുകൾ ശൂന്യവേതന അവധിയിൽ നിന്ന് പുനഃപ്രവേശനത്തിനായി മാറ്റിവെച്ചിട്ടുണ്ട്. |
| (ബി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറിന്റെ എത്ര ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനായി മാറ്റിവെച്ചിട്ടുണ്ട്; | (ബി) 48 ഒഴിവുകൾ നിലവിലുണ്ട്. |
| (സി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറായി പ്രൊമോഷൻ നൽകേണ്ടവരുടെ ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വിശദമാക്കുമോ; | (സി) 31.12.2015 വരെയുള്ള തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള 61 പേരുടെ പ്രൊവിഷണൽ ലിസ്റ്റ് നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ലിസ്റ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ഒഴിവുകൾ പ്രൊമോഷന് വേണ്ടി മാറ്റിവെച്ചിട്ടുണ്ടെങ്കിൽ ആയത് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുമോ; ലിസ്റ്റ് നിലവിലില്ലെങ്കിൽ ഇതിനായി നീക്കിവച്ച ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുമോ; | (ഡി) ഉം (ഇ) | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാവുന്ന ഒഴിവുകളൊന്നും നിലവിലില്ല. |
| (ഇ) | എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറിന്റെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; | | |
| (എഫ്) | 01.03.2015 ന ശേഷം എച്ച്.എസ്.എസ്.ടി. കോമേഴ്സ് ജൂനിയറായി പി.എസ്.സി. വഴി നിയമിക്കപെട്ടവരിൽ എത്ര പേർ റിലീവ് ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; ഇത്തരത്തിലുണ്ടായ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? | (എഫ്) | 01.03.2015-ന് ശേഷം 31.07.2017 വരെ എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സ് തസ്തികയിൽ 46 പേർ വിടുതൽ വാങ്ങി പോയിട്ടുണ്ട്. ടി ഒഴിവുകളിൽ 20 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലഭ്യമായ 2 ഒഴിവുകൾ ഉൾപ്പെടെ റിലീവിങ്ങ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**